**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1449** **18-01-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം . ഉമ്മർ | | **Smt. J. Mercykutty Amma**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) | |
| (എ) | കടലിൽ പ്രതികൂല കാലാവസ്ഥയിൽ മത്സ്യത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുന്നത് തടയാനും സുരക്ഷിതത്വം ഉറപ്പാക്കാനുമുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | കടലിൽ പ്രതികൂല കാലാവസ്ഥയിൽ മത്സ്യത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുന്നത് തടയാനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ കൂടുതൽ ബലവത്തായ 200 FRP ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴി ലാളികൾക്ക് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. പരിഷ്കരിച്ച KMFR ആക്ട് പ്രകാരം സംസ്ഥാനം, ജില്ല, വില്ലേജ് തല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകൃതമായിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളി കളുടെ സംരക്ഷണത്തിനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതും ലക്ഷ്യമാക്കി 2018-19 വർഷം മുതൽ ട്രോൾബാൻ കാലയളവ് 47 ദിവസത്തിൽ നിന്ന് 52 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷം മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കുന്നു. 2018-19 ൽ 15 മീറ്റർ വരെ നീളമുള്ള 647 യാനങ്ങളെയും 2019-20 ൽ 857 യാനങ്ങളെയും പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണാർത്ഥം തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് മുതൽ പരവൂർ പൊഴിക്കര വരെ 30 മീറ്റർ ആഴം വരെയും, പരവൂർ പൊഴിക്കര മുതൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം വരെ 20 മീറ്റർ ആഴം വരെയും മെക്കനൈസ്ഡ് ഫിഷിംഗ് നിരോധിച്ചിട്ടുണ്ട്. കടൽ രക്ഷ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മത്സ്യത്തൊ ഴിലാളികൾക്ക് |

| | | | |
|---|---|---|---|
| | | | ആവശ്യമായ വിവരങ്ങൾ കൈമാറുന്നതിനും മാസ്റ്റർ കൺട്രോൾ റൂമും മൂന്നു റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിക്കുന്നതിനുള്ള 68 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ഹാർബറുകളിൽ നിരീക്ഷണത്തിനായി സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. പുതിയാപ്പ, ബേപ്പൂർ, നീണ്ടകര, മുനമ്പം ഹാർബറുകളിൽ പണി പൂർത്തിയായി. ശക്തിക്കുളങ്ങര, പൊന്നാനി, വിഴിഞ്ഞം ഹാർബറുകളിൽ സിസിടിവി ക്യാമറ സ്ഥാപിക്കുന്ന പദ്ധതി ആരംഭിച്ചു. കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിയ്ക്കായി 60 കോടി രൂപ അനുവദിച്ചു. കടൽത്തീരത്ത് നിന്ന് 1500 കിലോമീറ്റർ വരെ വാർത്താ വിനിമയം സാധ്യമാക്കുന്നതിന് ISRO വികസിപ്പിച്ചെടുത്ത നാവിക് ഉപകരണം മത്സ്യത്തൊഴിലാളി കൾക്ക് വിതരണം ചെയ്യുന്നതിന് 15.93 കോടി രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നു. ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളി കൾക്ക് വാർത്താ വിനിമയം സാധ്യമാക്കുന്നതിന് ഗ്ലോബൽ സാറ്റലൈറ്റ് ഫോൺ നൽകുന്ന പദ്ധതിയ്ക്കായി 9.42 കോടി രൂപ അനുവദിച്ചു പദ്ധതി നടപ്പാക്കി വരുന്നു. ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ പുനഃസ്ഥാപനത്തിനായി ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 120 FRP ബോട്ടുകൾ 1.94 കോടി രൂപ കേന്ദ്ര സഹായവും 7.94 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും (ഓഖി ഫണ്ട്) വിനിയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഓഖി പോലുള്ള അടിയന്തിര സാഹചര്യങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്ന തിനായി 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്.യാർഡ് മുഖേന നിർമ്മിച്ചതിൽ ആദ്യത്തേതായ പ്രതീക്ഷ 2020 ആഗസ്റ്റ് 27 ന് കമ്മീഷൻ ചെയ്തു. 29.01.2021 ൽ മറ്റു രണ്ട് മറൈൻ ആംബുലൻസുകളും കമ്മീഷൻ ചെയ്യുന്നു. 2018-19 വർഷത്തെ കടൽ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി 75% ഗ്രാന്റോടെ 566 ജി.പി.എസ്സുകളും 1132 ലൈഫ് ബോയ്കളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. നടപ്പു സാമ്പത്തിക വർഷം 600 ജിപിഎസ് 389 വിഎച്ച്എഫ് റേഡിയോ, 43 DAT എന്നിവ വിതരണം ചെയ്യുന്നതിനായി സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ കടൽ രക്ഷാ സേന രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സേനയിൽ | (ബി) | കടൽസുരക്ഷാ സേന രൂപീകരിച്ചിട്ടുണ്ട്. ഇവർക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ |

| | | | |
|---|---|---|---|
| | ചേരുന്നവർക്ക് നാവിക സേനയുടെ പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | | സ്പോർട്ട്സിൽ നിന്നും പവർ ബോട്ട് ഹാൻഡ്.ലിംഗ്, കടൽസുരക്ഷ, ജീവൻ രക്ഷാ ഉപാധികൾ എന്നിവയിലാണ് ട്രെയിനിംഗ് നൽകിയിട്ടുള്ളത്. 900 പേർക്കാണ് ആദ്യഘട്ടം ട്രെയിനിംഗ് നൽകാൻ പദ്ധതി തയ്യാറാക്കിയത്. 585 പേർക്ക് 15 ബാച്ചുകളിലായി പരിശീലനം പൂർത്തീകരിച്ചു. കോവിഡ്-19 മഹാമാരി മൂലം നിർത്തി വച്ച പരിശീലനം ഫെബ്രുവരി പകുതിയോടെ പുനരാരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇതുമായി ബന്ധപ്പെട്ട് വകുപ്പിൽ നിന്നും ഈ സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | മേൽപ്രസ്താവിച്ച പദ്ധതികൾക്കായി നാളിതുവരെ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. 1. കടൽ സുരക്ഷാ ഉപകരണങ്ങൾ - 124.53 ലക്ഷം രൂപ 2. കടൽ സുരക്ഷാ സ്ക്വാഡ് - 491.5 ലക്ഷം രൂപ 3. മറൈൻ ആംബുലൻസ് - 1008 ലക്ഷം രൂപ 4. FRP ബോട്ട് (2018-19) – 75 ലക്ഷം രൂപ 5. FRP ബോട്ട് (ഓഖിപുനരധിവാസ പദ്ധതി) - 364.57 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ